5
ജൂൺ 2023
തിങ്കൾ Pages 5
Vol 2. Issue. 123

# ക്രിസ്ത്യൻലൈവ് ദിനപത്രം

on the battlefield for the Great commission
492




# ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ റെയ്ഡ്

## റെയ്ഡ് നടക്കുന്നത് മാനദണ്ഡങ്ങൾ പാലിക്കാതെയും വ്യാജ ആരോപണങ്ങൾ ഉന്നയിച്ചും



വാർത്ത തുടർന്ന്
വായിക്കുവാൻ
പേജ് 04 കാണുക

*Editorial*

ക്രിസ്ത്യൻ ലൈവ് ദിനപത്രം

2023 ജൂൺ
5തിങ്കൾ



# സിഗ്നലുകൾ അവഗണിക്കുമ്പോൾ

ഏവരും ഒന്നടങ്കം നടുങ്ങിയ അപകടത്തിനാണ് കഴിഞ്ഞ ദിവസം നമ്മുടെ രാജ്യം സാക്ഷ്യം വഹിച്ചത്. സിഗ്നൽ നൽകിയതിൽ വന്ന അപാകതയാണ് കാരണം എന്നാണ് പ്രാഥമിക വിലയിരുത്തൽ. 300 ഓളം നിരപരാധികൾ മരണത്തെ പുൽകി. ജീവിതത്തെ കുറിച്ചുള്ള അവരുടെ സ്വപ്നങ്ങൾ, ഭാവിയെ കുറിച്ചുള്ള സങ്കൽപങ്ങൾ എല്ലാം കുഴിച്ചു മൂടപ്പെട്ടു. എത്രയോ കുടുംബങ്ങളുടെ താങ്ങും തണലും അത്താണികളുമാണ് ഒരു നിമിഷം കൊണ്ട് ഇല്ലാതായത്! തങ്ങളുടെ സന്തോഷം പങ്ക് വെയ്ക്കാൻ അവർ ഇനി ഇല്ലാ എന്ന്, സങ്കടം വരുമ്പോ തല ചായ്ച്ച് ഒന്ന് പൊട്ടിക്കരയാൻ ആ തോളുകൾ ഇനി ഇല്ലാ എന്ന് തിരിച്ചറിഞ്ഞ അവരുടെ പ്രിയപ്പെട്ടവർ ആ ദുഃഖത്തിൽ നിന്ന് എന്ന് കര കയറും!

മനുഷ്യൻ മുന്നോട്ട് പോകേണ്ട ട്രാക്ക് വളരെ കൃത്യമായി തന്റെ വചനത്തിലൂടെ ദൈവം നൽകിയിട്ടുണ്ട്. അതിൽ നിന്ന് വലത്തോട്ടോ ഇടത്തോട്ടോ മാറുന്നത് മനുഷ്യന് വലിയ ദോഷം ചെയ്യും. പക്ഷേ നിർഭാഗ്യവശാൽ ട്രാക്ക് വിട്ടു മാറി ഓടാനാണ് മനുഷ്യന് താൽപര്യം. മാറിയോടുന്ന ട്രാക്കിലാണ് പല ജഡീക സുഖങ്ങളും അവരെ കാത്തിരിക്കുന്നത്. അത് നഷ്ടപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നില്ല. പക്ഷേ ഇങ്ങനെ മുന്നോട്ടു പോയാൽ മതിയോ ? ഇങ്ങനെ ഒരു ജീവിതമാണോ നാം സ്വപ്നം കണ്ടത്? ഇങ്ങനെ ഒരു ജീവിതമാണോ പരമ കാരുണികനായ സർവ്വേശ്വരൻ നമുക്ക് വേണ്ടി വിഭാവനം ചെയ്തത്? ഒരിക്കലുമല്ല; ഒരു മടങ്ങി വരവാണ് നമുക്ക് ആവശ്യം: ദൈവത്തിലേക്ക്, ദൈവ വചനത്തിലേക്ക്, ശരിയായ ട്രാക്കിലേക്ക്.

പാപം ചെയ്ത് ദൈവ തേജസ് നഷ്ടപ്പെടുത്തിയ മാനവന് നിത്യ ജീവനിലേക്കുള്ള ശരിയായ ട്രാക്ക് കാണിച്ചു കൊടുക്കുവാൻ ദൈവത്താൽ ഉത്തരവാദിത്തം ഭരമേൽപ്പിക്കപെട്ട വ്യക്തികളാണ് നമ്മൾ വിശ്വാസികൾ അല്ലെങ്കിൽ ക്രിസ്തു ശിഷ്യർ. അത് നാം കൃത്യമായി ചെയ്താൽ ആസന്നമായ നിത്യാഗ്നിയിൽ നിന്ന് എത്രയോ ആയിരങ്ങൾ രക്ഷപെടും! പക്ഷേ ഉത്തരവാദിത്തത്തോടെ അത് ചെയ്യുന്നവർ വിരളം. ഒന്നു തലയുയർത്തി ചുറ്റുപാടും നോക്കൂ. മദ്യത്തിനും മയക്കുമരുന്നിനും പുറത്ത് പറയാൻ പറ്റാത്ത പാപങ്ങൾക്കും അടിമകളായി ട്രാക്ക് തെറ്റി ഓടുന്ന ആയിരങ്ങളെ നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ? അവർ നാശത്തിൽ നിപതിക്കുന്നതിന് മുന്നേ തടയാനും ശരിയായ ട്രാക്കിലേക്ക് തിരിച്ചു വിടാനും നമുക്ക് കഴിയില്ലെ? കഴിയും.



എങ്കിൽ ഇതാവട്ടെ നമ്മുടെ ഇന്നത്തെ തീരുമാനം. സ്വയം ട്രാക്ക് തെറ്റാതെ ഓടുക, ട്രാക്ക് തെറ്റി പോകുന്നവരെ യഥാസ്ഥാനത്ത് ആക്കുക.

അനു കോശി പെരുനാട്

## പരിസ്ഥിതി ദിനത്തിലെ സ്ഥിരം കുഴി

ഒരു പരിസ്ഥിതി ദിനാചരണ പരിപാടിയിൽ ചെടി നടുന്ന എം.എൽ.എ സംഘാടകനോട് : ' ഇവിടെത്തന്നെയല്ലേ കഴിഞ്ഞവർഷവും ചെടി നട്ടത്? ' മറുപടിയായി സംഘാടകൻ : അതെ സർ, എല്ലാവർഷവും ചെടി നടുവാൻ സ്ഥിരമായി ഉണ്ടാക്കിയിരിക്കുന്ന കുഴിയാണിത് '?

എല്ലാവർക്കും പരിസ്ഥിതി ദിന ആശംസകൾ

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

# രാജസ്ഥാൻ പെന്തെക്കോസ്തൽ ചർച്ച് വജ്രജൂബിലി നിറവിൽ

ജോൺ മാത്യു , ഉദയ്പൂർ

ഉദയ്പൂർ : ഉത്തരേന്ത്യയിൽ ഏറ്റവും വലിയ പെന്തക്കോസ്തു സഭകളിൽ ഒന്നായ രാജസ്ഥാൻ പെന്തകോസ്തൽ ചർച്ച് ചരിത്ര വഴികളിൽ 60 വർഷങ്ങൾ പിന്നിടുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന വജ്രജൂബിലി പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കൺവൻഷനും ജൂൺ 22 മുതൽ 25 വരെ സഞ്ചയ് പാർക്കിലുള്ള ചർച്ച് കോമ്പൗണ്ടിൽ നടക്കും. പാസ്റ്റർമാരായ എബി ഐരൂർ , സലീംഖാൻ എന്നിവർ കൺവൻഷനിൽ മുഖ്യ പ്രഭാഷണം നടത്തും. ജൂബിലിയോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങളാണ് സഭ ലക്ഷ്യമിടുന്നത്. സഭയുടെ സീനിയർ പാസ്റ്റർ ഡോ. പോൾ മാത്യൂസിന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.



മരുഭൂമിയുടെ അപ്പോസ്തോലൻ എന്ന അപരനാമത്തിൽ അറിയപ്പെട്ട ഡോ. മാത്യു 1963 ൽ തുടക്കം കുറിച്ചതാണ് രാജസ്ഥാൻ പെന്തകോസ്തൽ ചർച്ച് . പാസ്റ്റർ പി എം ഫിലിപ്പിന്റെ നേതൃത്വത്തിൽ നടന്നു വന്നിരുന്ന കോട്ടയം ഷാലോം ബൈബിൾ സ്കൂളിലെ വേദപഠനം പൂർത്തിയാക്കിയ തോമസ് മാത്യു തന്റെ കർമ്മഭൂമി ഉത്തരേന്ത്യമാണെന്ന് തിരിച്ചറിഞ്ഞു. പാസ്റ്റർ പിഎം ഫിലിപ്പ് നൽകിയ യാത്രക്കൂലിയായ 100 രൂപയുമായി പുറപ്പെട്ട തോമസ് മാത്യു രാജസ്ഥാനിലെ ഉദയ്പൂരിൽ എത്തിയപ്പോൾ രണ്ട് രൂപയാണ് ബാക്കി ഉണ്ടായിരുന്നത്.

അശോക് നഗറിലെ ഒറ്റമുറി വീട്ടിൽ ഇടുങ്ങിയ മുറിക്കുള്ളിൽ ചുരുക്കം ചില ആളുകളുമായി വിശ്വാസത്താൽ ആരംഭിച്ച പ്രവർത്തനമാണ് രാജസ്ഥാൻ പെന്തക്കോസ്തൽ ചർച്ച്(ആർ പി സി). കാലാസ്ഥയുടെ പ്രതികൂലങ്ങൾ വകവെക്കാതെ കാൽനടയായും സൈക്കിളിലുമായി നടത്തിയ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾക്ക് സഭാ വളർച്ചക്ക് ആക്കം കൂട്ടി. ഇന്ന് വിവിധ ഭാഷ ഗോത്രവിഭാഗങ്ങളിൽ നിന്നായി ആയിരത്തിൽ അധികം വിശ്വാസികൾ കൂട്ടായ്മകളിൽ പങ്കെടുത്തു വരുന്നു. പാസ്റ്റർ തോമസ്സ് മാത്യൂസിനോടൊപ്പം സഹധർമ്മിണി മേരി മാത്യൂസിന്റെ സമർപ്പിതമായ പ്രവർത്തനങ്ങൾ സഭയുടെ വളർച്ചക്ക് ഏറെ സഹായമായിട്ടുണ്ട്. സുവിശേഷവേല രാജസ്ഥാനിന് പുറത്തേക്ക് വ്യാപിച്ചപ്പോൾ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് എന്ന സഭക്ക് പാസ്റ്റർ തോമസ് മാത്യൂസ് രൂപം നൽകി. ആർ പി സി പ്രസ്തുത സഭയോട് അഭിലിയേറ്റ് ചെയ്തെങ്കിലും ഇപ്പോഴും സഭയുടെ അസ്തിത്വം നിലനിർത്തി പോരുന്നു.

# പ്രതിഭകളെ ആദരിച്ചു

തിരുവല്ല: സംസ്ഥാന എൻ ആർഐ കമ്മീഷൻ അംഗമായി നിയമിതനായ പീറ്റർ മാത്യൂ വല്ല്യത്, പുതിയ പാർലമെന്റ് മന്ദിരത്തിലെ ശബ്ദസംവിധാനം സജ്ജമാക്കിയ ചെറിയാൻ ജോർജ്, സിവിൽ സർവീസ് പരീക്ഷയിൽ മികച്ച വിജയം നേടിയ ഫെബിൻ ജോസ് തോമസ് എന്നിവരെ ഒയാസിസ് മീഡിയ ആദരിച്ചു.

ഒയാസിസ് മീഡിയ ചെയർമാൻ സുധീഷ് എസ് കൊല്ലം, മാനേജിംഗ് എഡിറ്റർ സാജു തിരുവല്ല, എക്സിക്യൂട്ടീവ് എഡിറ്റർ ജെയ്സ് പാണ്ടനാട്, പ്രോഗ്രാം കോഡിനേറ്റർ ജെയിൻ ജോസഫ് അടൂർ എന്നിവർ പങ്കെടുത്തു.



## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 97455327348. (WhatsApp) Email: jaj3292000@yahoo.co.in

**Remarriage**
Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta"9946847617

**വധുവിനെ ആവശ്യമുണ്ട്**
ക്രിസ്ത്യൻ പെന്തകോസ്തു യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343**

# ഗില്ഗാൽ ചർച്ച് ഓഫ് ഗോഡ്, ദോഹ സഭയിൽ നാളെ മുതൽ ' ദി ഹാർവെസ്റ്റ്'

ഖത്തർ : ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ്, ദോഹ ഒരുക്കുന്ന ' ദി ഹാർവെസ്റ്റ്' സുവിശേഷ മഹായോഗവും സംഗീത വിരുന്നും നാളെ ആരംഭിക്കും. ജൂൺ മാസം 6, 7 തീയതികളിൽ അബുഹമൂറിലെ 563 Ethmeda, tSreet zone 56,വില്ലയിൽ വച്ചാണ് ഈ മഹായോഗം നടത്തപ്പെടുന്നത് . പ്രസ്തുത യോഗങ്ങളിൽ സുപ്രസിദ്ധ സുവിശേഷ പ്രഭാഷകനായ പാസ്റ്റർ. പി.സി ചെറിയാൻ റാന്നി ദൈവത്തിന്റെ വചനം ശുശ്രൂഷിക്കുന്നു.ലിൻസൺ ബെഥേൽ, മനോജ് പാമ്പാടി തുടങ്ങിയവർ നേതൃത്വം നൽകുന്ന ഗിൽഗാൽ മ്യൂസിക് സംഗീതാരാധനയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ സജി കടവൂർ ( ദോഹ എ.ജി സഭ ശുശ്രൂഷകൻ) അധ്യക്ഷത വഹിക്കുന്ന പ്രാരംഭ യോഗത്തിൽ പാസ്റ്റർ സാം ടി ജോർജ് ( ചർച്ച് ഓഫ് ഗോഡ് ഇൻ ഖത്തർ സഭ ശുശ്രൂഷകൻ ) ഈ സുവിശേഷ മഹായോഗം ഉത്ഘാടനം നിർവഹിക്കും.

# വെബിനാർ സംഘടിപ്പിച്ചു

തിരുവല്ല: LIGHTED TO LIGHTEN മാർത്തോമാ സ്റ്റഡി ഫോറം വെബിനാർ സംഘടിപ്പിച്ചു. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡന്റും സിഎസ്ഐ കൊല്ലം കൊട്ടാരക്കര ഡയോസിസ് അധിപനുമായ ബിഷപ്പ് റവ. ഡോ. ഉമ്മൻ ജോർജ് വെബിനാർ ഉത്ഘാടനം ചെയ്തു. അഡ്വ. റോയി ഫിലിപ്പ് മോഡറേറ്റർ ആയിരുന്നു.കേരളാ നവോത്ഥാനവും മിഷനറി ഇടപെടലും ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷകനും ആക്ടിവിസ്റ്റുമായ ജെയ്സ് പാണ്ടനാട് വിഷയാവതരണം നടത്തി. അനുബന്ധ ചർച്ചയും നടന്നു.

# ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് സഭകളുടെ സംയുക്ത വാർഷിക കൺവെൻഷൻ

കുവൈറ്റ് : ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയണിൽ ഉൾപ്പെട്ട് നിൽക്കുന്ന ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കുവൈറ്റ്, പീസ് ഫെല്ലോഷിപ്പ് ചർച്ച്, റിവൈവൽ ക്രിസ്ത്യൻ ചർച്ച് എന്നീ മൂന്ന് സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ദൈവഹിതമെങ്കിൽ ജൂൺ 7, 8 തീയതികളിൽ (ബുധൻ, വ്യാഴം) വാർഷിക കൺവൻഷൻ നടത്തപ്പെടുന്നതാണ്. അബ്ബാസിയ പീസ് ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ വൈകുന്നേരം 7 മണി മുതൽ 9 മണി വരെ നടത്തപ്പെടുന്ന പ്രസ്തുത യോഗത്തിൽ ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി കർത്തൃദാസൻ പാസ്റ്റർ ബിജു തമ്പി ദൈവ വചനത്തിൽ നിന്നും പ്രസംഗിക്കുന്നതാണ്. കുവൈറ്റിലുള്ള എല്ലാ പ്രിയപ്പെട്ടവരെയും ഈ കൺവെൻഷനിലേക്ക് ദൈവ നാമത്തിൽ സ്നേഹത്തോടെ ക്ഷണിക്കുന്നു. പാസ്റ്റർ സാം തോമസ് ജനറൽ കൺവീനർ.

# മണക്കാല എഫ്.റ്റി.എസ്: ജൂൺ 14ന് ക്ലാസുകൾ ആരംഭിക്കും

മണക്കാല: ഫെയ്ത്ത് തീയോളജിക്കൽ സെമിനാരിയുടെ 54 -ാമത് അദ്ധ്യയന വർഷം ജൂൺ 14ന് രാവിലെ 9.30ന് ആരംഭിക്കും. ഐപിസി കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഡോ.എബി പീറ്റർ മുഖ്യാതിഥി ആയിരിക്കും. എഫ്.റ്റി.എസ്. പ്രസിഡന്റ് ഡോ അലക്സി ഇ. ജോർജ്, പ്രിൻസിപ്പാൾ ഡോ. ആനി ജോർജ് നേതൃത്വം നൽകും. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, മാതാപിതാക്കൾ, പാസ്റ്റർമാർ, പൂർവ്വ വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ പങ്കെടുക്കും

# അറബിക്കടലിൽ ചക്രവാതച്ചുഴി രൂപപ്പെട്ടു; 24 മണിക്കൂറിനുള്ളിൽ ന്യൂനമർദ്ദമായി മാറും



തിരുവനന്തപുരം: തെക്ക് കിഴക്കൻ അറബികടലിൽ ചക്രവാതചുഴി രൂപപ്പെട്ടു. അടുത്ത 24 മണിക്കൂറിനുള്ളിൽ ഇത് ന്യൂന മർദ്ദമായി ശക്തി പ്രാപിക്കാനാണ് സാധ്യത. പിന്നീടുള്ള 48 മണിക്കൂറിൽ ഇത് തീവ്ര ന്യൂനമർദ്ദമായും മാറും. വടക്ക് ദിശയിലേക്ക് നീങ്ങുന്ന ന്യൂന മർദ്ദം മധ്യ കിഴക്കൻ അറബിക്കടലിന് സമീപമെത്തി തീവ്ര ന്യൂന മർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.അതേസമയം, സംസ്ഥാനത്ത് കാലവർഷമെത്താൻ ഇനിയും വൈകും. മിനിക്കോയ് തീരത്തായുള്ള കാലവർഷത്തിന് കാര്യമായ പുരോഗതിയില്ല.

സംസ്ഥാനത്ത് ഇന്ന് ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പില്ലെങ്കിലും, കാലവർഷത്തിന് മുന്നോടിയായുള്ള മഴ ഒറ്റപ്പെട്ടയിടങ്ങളിൽ കിട്ടും. അടുത്ത മണിക്കൂറിൽ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത്



കൊച്ചി : സിബിസിഐ പ്രസിഡന്റും തൃശൂർ അതിരൂപതാധ്യക്ഷനുമായ ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി സ്വകാര്യ കൂടിക്കാഴ്ച നടത്തി. നെടുമ്പാശ്ശേരിയിൽവെച്ചാണ് കൂടിക്കാഴ്ച നടന്നത്. ഭാരതത്തിൽ ക്രൈസ്തവർ നേരിടുന്ന വെല്ലുവിളികളുടെയും പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിൽ ക്രൈസ്തവരുടെ ആശങ്കകൾ ആർച്ച് ബിഷപ്പ് അറിയിച്ചതായും മണിപ്പൂരിലെ ആക്രമണങ്ങൾ പ്രത്യേകം ചർച്ചാവിഷയമായതായും സിബിസിഐ പത്രക്കുറിപ്പിൽ പറയുന്നു. സമാധാനത്തിനായി മണിപ്പൂരിലും വടക്ക് കിഴക്കൻ മേഖലയിലും ദൗത്യം തുടരുകയാണെന്നു ആഭ്യന്തരമന്ത്രി വിശദീകരിച്ചു. പ്രത്യേകിച്ച് മധ്യപ്രദേശിന്റെ ചില ഭാഗങ്ങളിൽ നടന്ന സംഭവങ്ങളെക്കുറിച്ച് ആർച്ച് ബിഷപ്പ് പരാമർശിച്ചപ്പോൾ, അത് പരിശോധിക്കുമെന്നും ക്രൈസ്തവരുടെയും എല്ലാ പൗരന്മാരുടെയും നന്മയ്ക്കായി ആവശ്യമായ കാര്യങ്ങൾ ചെയ്യുമെന്നും അദ്ദേഹം ഉറപ്പുനൽകി.

# കാലാവസ്ഥാ വ്യതിയാനം; അകാലമരണമുണ്ടാകുമെന്നു ലോകാരോഗ്യ സംഘടന



കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി പ്രതിവർഷം രണ്ടരലക്ഷം ജനങ്ങൾ അകാല മരണത്തിനു കീഴടങ്ങുമെന്നും നൂറ്റാണ്ടിന്റെ അവസാനത്തോടെ 90 ലക്ഷം പേർ അകാല മരണത്തെ നേരിടേണ്ടി വരുമെന്നും ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്.
പ്രമുഖ ഗവേഷകരും വിദഗ്ദ്ധരും വിവിധ സർക്കാർ പ്രതിനിധികളും അടങ്ങിയ സംഘം നടത്തിയ പഠന റിപ്പോർട്ടിലാണ് മാനവരാശിക്ക് വിനയാകുന്ന കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ പുറത്തു വിട്ടത്.

ലോകത്താകമാനം 360 കോടി ജനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യ ഫലങ്ങൾ അനുഭവിക്കേണ്ടി വരും. സമ്പന്ന രാജ്യമെന്നോ, മധ്യവർഗ്ഗ രാജ്യമെന്നോ വേർതിരിവില്ലാതെയാകും ദുരന്തങ്ങൾ സംഭവിക്കുക. ദരിദ്രർ, മുതിർന്നവർ സ്ത്രീകൾ , കുട്ടികൾ , ആദിവാസി ഗോത്ര വിഭാഗങ്ങൾ, തൊഴിലാളികൾ എന്നിവർക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഭാവിയിൽ വന്നു ചേരും. മലേറിയ, ഉഷ്ണ തരംഗം, പോഷകാഹാരക്കുറവ്, കടലാക്രമണം എന്നിവയുടെ ഫലമായി 2030നു മുമ്പ് രണ്ടര ലക്ഷം പേർ അധികമായി മരണത്തിനു കീഴടങ്ങുമെന്ന് 2014ൽ ഗവേഷകർ നടത്തിയ പഠനത്തിൽ വ്യക്തമാക്കിയിരുന്നതും ലോകാരോഗ്യ സംഘടന വ്യക്തമാക്കുന്നു.

# ക്രൈസ്തവ സ്ഥാപനങ്ങളിൽ റെയ്ഡ്

## റെയ്ഡ് നടക്കുന്നത് മാനദണ്ഡങ്ങൾ പാലിക്കാതെയും വ്യാജ ആരോപണങ്ങൾ ഉന്നയിച്ചും

മധ്യപ്രദേശ് : ജബൽപൂർ രൂപതാ പരിധിയിൽ ക്രൈസ്തവരും ക്രൈസ്തവ സ്ഥാപനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന വർഗ്ഗീയ അതിക്രമങ്ങൾക്കെതിരെ രൂക്ഷമായ പ്രതികരണം നടത്തിയിരിക്കുകയാണ് ഭാരത കത്തോലിക്കാ മെത്രാൻ സമിതി. കഴിഞ്ഞ മൂന്നു മാസങ്ങൾക്കിടയിൽ മാത്രം ജബൽപൂർ രൂപതയുടെ കീഴിലുള്ള മൂന്ന് സ്ഥാപനങ്ങളിലാണ് ദേശീയ ബാലാവകാശ കമ്മീഷൻറെ നേതൃത്വത്തിൽ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ അനധികൃതമായ റെയ്ഡുകൾ നടത്തുകയും വാസ്തവ വിരുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും ചെയ്തിട്ടുള്ളത്. ഇതേ കാലയളവിൽതന്നെ മധ്യപ്രദേശിൽ സന്യാസ സമൂഹങ്ങൾ നടത്തിവരുന്ന സ്ഥാപനങ്ങളിലും സമാനമായ അതിക്രമങ്ങൾ നടന്നിട്ടുണ്ട്.

നിരവധി വർഷങ്ങളായി വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മാതൃകാപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ തടസപ്പെടുത്താനുള്ള ആസൂത്രിതമായ ഭരണകൂട നീക്കങ്ങളാണ് നടന്നുവരുന്നത്. മതപരിവർത്തനകേന്ദ്രങ്ങളാണ് സഭാ സ്ഥാപനങ്ങൾ എന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് ഇത്തരം പരിശോധനകൾക്ക് പിന്നിൽ. ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ നിലവിൽ വന്നിട്ടുള്ള മതപരിവർത്തന നിരോധന നിയമങ്ങളിലെ വിവിധ വകുപ്പുകൾ ചുമത്താവുന്ന വിധത്തിലുള്ള ആരോപണങ്ങളാണ് പലയിടത്തും ഉന്നയിച്ചുവരുന്നത്. ഒട്ടേറെ വ്യാജ കേസുകൾ ഇതിനകം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ ചുമത്തപ്പെട്ടിട്ടുണ്ട്. രൂപതയുടെ കീഴിലുള്ള സ്ഥാപനത്തിൽ മതപരിവർത്തനം നടന്നു എന്ന വ്യാജ ആരോപണത്തിൻറെ ഭാഗമായിട്ടാണ് ഏറ്റവും ഒടുവിൽ, ജബൽപൂർ ബിഷപ്പ് ജെറാൾഡ് അൽമെയ്ദയുടെ പേരും പ്രതിപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തീവ്രവർഗീയ നിലപാടുകളോടെ, ക്രൈസ്തവ സമൂഹത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ നീക്കങ്ങൾ ഭരണ കക്ഷിയായ ബിജെപിയുടെ അറിവോടെയാണെന്ന് വ്യക്തമാണ്. കുട്ടികൾക്ക് വേണ്ടി നടത്തപ്പെടുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ നിർബ്ബന്ധമായി പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പലതും എവിടെയും പാലിച്ചിരുന്നില്ല എന്ന് മാത്രമല്ല, പലയിടത്തും ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ് ഇത്തരം പരിശോധനകൾ നടന്നിട്ടുള്ളതും. 'ബൈബിൾ വായിക്കാനും പ്രാർത്ഥിക്കാനും കുട്ടികളോട് ആവശ്യപ്പെടാറുണ്ടോ' എന്നാണ് എല്ലായിടങ്ങളിലും പരിശോധകർക്ക് അറിയേണ്ടതായി ഉണ്ടായിരുന്നത്. സന്യാസിനിമാരും വൈദികരും ക്രൈസ്തവ കുടുംബങ്ങളിൽനിന്നുള്ള കുട്ടികളും ഉപയോഗിക്കുന്ന ബൈബിളുകളും പ്രാർത്ഥന പുസ്തകങ്ങളും മറ്റും പിടിച്ചെടുക്കുകയും, അവയൊക്കെ മതപരിവർത്തന ശ്രമങ്ങളുടെ ഭാഗമാണ് എന്ന മട്ടിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

> തീവ്രവർഗീയ നിലപാടുകളോടെ, ക്രൈസ്തവ സമൂഹത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ നീക്കങ്ങൾ ഭരണ കക്ഷിയായ ബിജെപിയുടെ അറിവോടെയാണെന്ന് വ്യക്തമാണ്. കുട്ടികൾക്ക് വേണ്ടി നടത്തപ്പെടുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ നിർബ്ബന്ധമായി പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പലതും എവിടെയും പാലിച്ചിരുന്നില്ല

ഇതുപോലുള്ള അതിക്രമങ്ങളും അതിൻറെ രൂക്ഷതയും നാൾക്കുനാൾ വർധിച്ചുവരുന്ന അവസ്ഥ ഈ ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിയമ നടപടികൾ വർദ്ധിച്ചുവരുന്നത് വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന് സ്ഥാപനങ്ങളുടെ ഭാവിയെയും അവിടെ പ്രവർത്തിക്കുന്നവരുടെയും അന്തേവാസികളുടെയും സുരക്ഷിതത്വത്തെയും ആശങ്കയിൽ അകപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഭരണകൂടങ്ങൾ വ്യക്തമായ ഒരു വിശദീകരണം സമൂഹത്തിന് നൽകേണ്ടതുണ്ട്.

# ഏക ഹിന്ദു രാഷ്ട്ര നിലപാട് മാറ്റി; ക്രിസ്ത്യൻ ജനസംഖ്യയിൽ വർധന



കാഠ്മണ്ഡു : നേപ്പാളിൽ ക്രൈസ്തവ ഇസ്ലാമിക മതങ്ങൾക്ക് നേരിയ വർധന രേഖപ്പെടുത്തുന്നു എന്ന് സെൻസസ് റിപ്പോർട്ട്. ലോകത്തിലെ ഏക ഹിന്ദു രാഷ്ട്രം എന്ന നിലപാട് മാറ്റി 2008 ൽ ഫെഡറൽ ഡെമോക്രാറ്റിക് റിപ്പബ്ലിക്കായി മാറിയതോടെ നേപ്പാൾ വികസനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാതയിലാണ്. ഏകാധിപത്യത്തിൽ നിന്നും ജനാധിപത്യത്തിലേക്കുള്ള വാതിൽ തുറന്നതോടെ ക്രിസ്തീയ സഭാപ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുകയായിരുന്നു. നേപ്പാളിലെ ഹിന്ദുക്കളുടെയും ബുദ്ധമതക്കാരുടെയും ജനസംഖ്യ കഴിഞ്ഞ ദശകത്തിൽ നേരിയ തോതിൽ കുറഞ്ഞു. മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും ജനസംഖ്യ നേരിയ തോതിൽ വർദ്ധിച്ചു. സെൻട്രൽ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ശനിയാഴ്ച പ്രസിദ്ധീകരിച്ച 2021 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം നേപ്പാളിലെ പ്രധാന മതമാണ് ഹിന്ദുമതം. ഇത് മൊത്തം ജനസംഖ്യയുടെ 81.19 ശതമാനം വരും. രാജ്യത്ത് 2,36,77,744 പേർ ഹിന്ദുമതം പിന്തുടരുന്നു. അനുയായികളുമായി രാജ്യത്ത് ഏറ്റവുമധികം ആളുകൾ പിന്തുടരുന്ന രണ്ടാമത്തെ മതമാണ് ബുദ്ധമതം നേപ്പാളിലെ ജനസംഖ്യയുടെ 8.2 ശതമാനം വരുമിത്. അഞ്ചാമത്തെ വലിയ മതമായ ക്രിസ്തുമതം പിന്തുടരുന്നത് 5,12,313 പേരാണ്, രാജ്യത്തെ ഏറ്റവും പുതിയ സെൻസസ് റിപ്പോർട്ടിലാണ് ഈ വിവരം.

## ഇരുചക്രവാഹനത്തിൽ മൂന്നാം യാത്രക്കാരായി കുട്ടികളെ അനുവദിക്കും : ഗതാഗത മന്ത്രി

തിരുവനന്തപുരം: ഇരുചക്രവാഹനങ്ങളിൽ 12 വയസിൽ താഴെയുള്ള കുട്ടികളെ മൂന്നാം യാത്രക്കാരായി കണക്കാക്കുമെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. പിഴ ഈടാക്കില്ലെന്നും മന്ത്രി അറിയിച്ചു. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കേന്ദ്രത്തിന്റെ അന്തിമ തീരുമാനം വരും വരെ 12 വയസിൽ താഴെയുള്ളവർക്ക് മൂന്നാം യാത്രക്കാരായി തുടരാം. നാളെ രാവിലെ എട്ട് മണി മുതൽ എഐ ക്യാമറ വഴി ഗതാഗത നിയമലംഘനത്തിന് പിഴ ഈടാക്കും. ഹെൽമെറ്റ് ധരിക്കാത്തവർ, അമിതവേഗത, കാറിൽ സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, അനധികൃത പാർക്കിങ് തുടങ്ങിയവക്കാണ് പിഴ.

### എല്ലാ വിഷയത്തിനും A+ നേടി



തങ്കമണി : ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഇടുക്കി ജില്ലയിൽ തങ്കമണിയിലെ സഭാ ശുശ്രൂഷകൻ പാസ്റ്റർ ചാക്കോ ഏബ്രഹാമിന്റെയും ശോഭ ചാക്കോയുടെയും മകൻ. അജിൻ ചാക്കോ +2 വിന് എല്ലാ വിഷയത്തിനും അ+ കരസ്ഥമാക്കി.

## ചൈനയിൽ തടവിലായ അഞ്ച് വിശ്വാസികൾക്ക് മോചനം



ബീജിംഗ്: ചൈനയിൽ ബൈബിൾ ക്ളാസ്സിൽ പങ്കെടുത്തതിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ട് ജയിലിലായിരുന്ന 5 വിശ്വാസികൾക്ക് മോചനം ലഭിച്ചു.

യുന്നാൻ പ്രവിശ്യയിലെ ഒരു ആരാധനാ കേന്ദ്രത്തിൽ ബൈബിൾ ക്ളാസ്സിൽ പങ്കെടുത്ത ഇവരെ 2022 ആഗസ്റ്റിലാണ് അറസ്റ്റു ചെയ്തത്.

സ്ഥലവാസികളായ വാങ്ഷൻപിങ്, നുസാങ്ഡെങ്, സാൻ ലുവോബോ, ഹുവാ ഫിയൂഷിയ, ഡേങ് മെഗ്രു സ്വദേശികളായ രണ്ടു വനിതകൾ ഉൾപ്പെടെയുള്ള അഞ്ചു പേരെയാണ് പ്രാദേശിക കോടതി ജാമ്യം അനുവദിച്ചത്. രാജ്യദ്രോഹത്തിനു വേണ്ടിയായിരുന്നു ഒത്തുകൂടിയതെന്നാണ് അധികാരികളുടെ ഭാഷ്യം. എന്നാൽ തങ്ങൾ പ്രാർത്ഥനയ്ക്കും സൗജന്യ ബൈബിൾ സംഗീത പഠനത്തിനും വേണ്ടിയാണ് ഒത്തുകൂടിയതെന്ന് ജയിൽ മോചിതരായവർ പറഞ്ഞു. യുന്നാനിലെ നുജിയാങ് ലിസ്യി ഏരിയായിൽ അനധികൃതമായി ഒത്തുചേർന്നു എന്ന പേരിലാണ് അധികാരികൾ അറസ്റ്റു ചെയ്തത്.


CHRISTIANLIVE
CHRISTIAN LIVE.IN™
അവതരിപ്പിക്കുന്ന
ഭക്തിസ്മരണ
ഷാർജാ
വർഷിപ്പ് സെന്ററിൽ
ബീന ഭക്തവത്സലൻ
ബിബിൻ ഭക്തവത്സലൻ
2023 ജൂലൈ
03
തിങ്കൾ
@ 7.30 PM
നിത്യതയിൽ പ്രവേശിച്ച സുവി. ഭക്തവത്സലന്റെ കുടുംബാംഗങ്ങളും മലയാളത്തിലെ പ്രസിദ്ധ ഭക്തഗായകരും പങ്കെടുക്കുന്ന സംഗീത നിശ.
ക്രിസ്ത്യൻ ലൈവ് മിഡിയയുടെ യു.എ.ഇ യിലെ പ്രവർത്തനങ്ങളുടെ ഔദ്യോഗിക തുടക്കം.
ഡോ.വിത്സൻ ജോസഫ്
ഡോ.കെ.ഓ.മാത്യൂ
CALL NOW : Bro.Santhosh Eapen : 0506576490